"ഭരണഭാഷ-മാതൃഭാഷ"

No.DWCD/2657/2026-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം

തീയതി : 19-05-2026

E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- 'അഭയകിരണം' പദ്ധതി 2026-27-ഓൺലൈൻ വെബ് സൈറ്റ് വഴി അപേക്ഷകൾ ക്ഷണിക്കുന്നത് -സംബന്ധിച്ച്:-

സൂചന:- 1. സ.ഉ (സാധാ) 296/2021/സാനീവ തീയതി 14.05.2021

2. വനിത ശിശു വികസന വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 17/06/2025 ന് ചേർന്ന യോഗത്തിന്റെ പുതുക്കിയ നടപടിക്കുറിപ്പ്

അശരണരായ സ്ത്രീകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന 'അഭയകിരണം' പദ്ധതി പ്രകാരം സ്വന്തമായി താമസിക്കുന്നതിന് ചുറ്റുപാടില്ലാത്ത അശരണരായ സ്ത്രീകൾക്ക് അഭയ സ്ഥാനം നൽകുന്ന വ്യക്തിയ്ക്ക് പ്രതിമാസം 1000/- രൂപ അനുവദിക്കുന്നു. 'അഭയകിരണം' പദ്ധതി പ്രകാരം 2026-27 വർഷത്തിൽ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് ഓൺലൈൻ വെബ് സൈറ്റ് വഴി അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

### അർഹതാ മാനദണ്ഡവും അപേക്ഷിക്കേണ്ട രീതിയും

1. പ്രായഭേദമെന്യേ അശരണരായ സ്ത്രീകളെ സംരക്ഷിയ്ക്കുന്ന വ്യക്തിയ്ക്ക് ആണ് അഭയകിരണം പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുന്നത്.
2. അപേക്ഷകന്റെ ആധാര് കാർഡിന്റെ പകർപ്പ് അപ് ലോഡ് ചെയ്യണം.
3. സംരക്ഷിയ്ക്കപ്പെടുന്ന സ്ത്രീയുടെ വാര്ഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ആയത് തെളിയിക്കുന്ന വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങുന്ന സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യണം. മുൻഗണനാ വിഭാഗം/ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവർ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. റേഷൻ കാർഡിന്റെ പകർപ്പ് അപ് ലോഡ് ചെയ്യണം.
4. സംരക്ഷിയ്ക്കപ്പെടുന്ന സ്ത്രീ സർവ്വീസ് പെൻഷൻ /കുടുംബ പെൻഷൻ എന്നിവ കൈപ്പറ്റുന്നവരാകരുത്.
5. സംരക്ഷിയ്ക്കപ്പെടുന്ന സ്ത്രീയ്ക്ക് പ്രായ പൂർത്തിയായ മക്കൾ ഉണ്ടാകാൻ പാടില്ല. (ഭിന്നശേഷിക്കാരായ/മനോരോഗികളായ മക്കൾ ഉള്ളവരെ ടി പദ്ധതിയിലേയ്ക്ക് പരിഗണിയ്ക്കാവുന്നതാണ്)
6. ടിയാന് ബന്ധുവിന്റെ/വ്യക്തിയുടെ പരിചരണത്തിൽ കഴിയുന്ന വ്യക്തിയാണെന്നും, അഭയകിരണം പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹയാണെന്നും ബന്ധപ്പെട്ട ICDS സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തി അപ് ലോഡ് ചെയ്യിരിക്കണം.

7. സംരക്ഷിയ്ക്കപ്പെടുന്ന സ്ത്രീ താമസിക്കുന്നതിന് സ്വന്തമായി ചുറ്റുപാടോ, സൗകര്യമോ ഉള്ളവർ ആയിരിക്കരുത്.
8. സംരക്ഷിയ്ക്കപ്പെടുന്നവർ ഏതെങ്കിലും സ്ഥാപനത്തിൽ താമസക്കാരിയാകാൻ പാടില്ല.
9. അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച് ജില്ലാ വനിത ശിശു വികസന ഓഫീസർമാർ പത്ര ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ മുഖേന അറിയിപ്പ് നൽകേണ്ടതാണ്.
10. മുൻവർഷം ധനസഹായം ലഭിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതാണ്. ഇപ്രകാരമുള്ള അപേക്ഷകളിൽ, സംരക്ഷിക്കപ്പെടുന്ന സ്ത്രീ ജീവിച്ചിരിക്കുന്നു എന്ന് ബന്ധപ്പെട്ട ഐ.സി.ഡി.എസ് സൂപ്പർവൈസർ അന്വേഷണം നടത്തി ഉറപ്പ് വരുത്തേണ്ടതാണ്.
11. അപേക്ഷകള് ഓഫ്‌ലൈൻ ആയി സ്വീകരിക്കാൻ പാടുള്ളതല്ല.

<u>അപേക്ഷിക്കേണ്ട വിധം</u>

- www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.
- പൊതുജന പദ്ധതികള്- അപേക്ഷാ പോർട്ടൽ എന്ന വെബ്പേജിൽ "എങ്ങനെ അപേക്ഷിക്കാം" എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക.
- പൊതുജന പദ്ധതികള് അപേക്ഷാ പോർട്ടൽ എന്ന വെബ്പേജ് എങ്ങനെ പ്രവർത്തിക്കുന്നു എന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയെന്നും വിശദമാക്കിയുള്ള പേജ് തുറന്നു വരും. അതിലെ നിർദ്ദേശങ്ങൾ ശ്രദ്ധയോടെ പാലിച്ച് ക്ഷേമപദ്ധതികൾക്ക് അപേക്ഷിക്കാവുന്നതാണ്.
- യൂസര് മാന്വൽ www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.
- 2025-26 വർഷം ധനസഹായം അനുവദിച്ചിട്ടുള്ളത് ഫെബ്രുവരി 2026 വരെയാണ്. ഇപ്രകാരം ധനസഹായം ലഭിച്ച ഗുണഭോക്താക്കൾ തുടർന്നും ധനസഹായത്തിന് അർഹരാണെങ്കിൽ ഇവർക്ക് 2026 മാർച്ച് മാസം മുതൽ 2027 ഫെബ്രുവരി മാസം വരെയുള്ള 12 മാസത്തെ തുക അനുവദിക്കാവുന്നതാണ്. അവരുടെ അപേക്ഷ പ്രത്യേക ലിസ്റ്റായി ജില്ലാ വനിത ശിശു വികസന ഓഫീസർമാർ സമർപ്പിക്കേണ്ടതാണ്.
- ഈ സാമ്പത്തിക വര്ഷം പുതുതായി അപേക്ഷിക്കുന്നവരിൽ അർഹരായവർക്ക് അപേക്ഷ സമർപ്പിച്ച മാസത്തിന്റെ തൊട്ടടുത്ത മാസം മുതൽ 2027 ഫെബ്രുവരി വരെയുള്ള തുക അനുവദിക്കാവുന്നതാണ്.
- ജില്ലാ വനിതാ ശിശുവികസന ഓഫീസര്ക്ക് ലഭിക്കുന്ന അപേക്ഷകളിൽ അപാകതയുള്ളവ പരിഹരിക്കുവാൻ യഥാസമയം സി.ഡി.പി.ഒ യ്ക്ക് തിരികെ നൽകേണ്ടതും, സി.ഡി.പി.ഒ സമയബന്ധിതമായി അപാകത പരിഹരിച്ച് ലഭ്യമാക്കുന്നുണ്ടോയെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർ ഉറപ്പ് വരുത്തേണ്ടതുമാണ്. സി.ഡി.പി.ഒ മാരുടെ പ്രതിമാസ അവലോകന മീറ്റിംഗിൽ ടി വിഷയം ഒരു അജണ്ടയായി ഉൾപ്പെടുത്തേണ്ടതും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യേണ്ടതുമാണ്.
- ഓൺലൈനായി ലഭ്യമായ അപേക്ഷകള് 15/12/2026 വരെ ശിശുവികസന പദ്ധതി ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ അന്വേഷണം നടത്തി മാനദണ്ഡ പ്രകാരം ധനസഹായത്തിന് അർഹരാണെന്ന് ICDS സൂപ്പർവൈസർ ഉറപ്പ് വരുത്തേണ്ടതും ഓരോ മാസവും ലഭിക്കുന്ന അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി തൊട്ടടുത്ത മാസം ആദ്യ വാരത്തിൽ തന്നെ ശിശു വികസന പദ്ധതി ഓഫീസറുടെ ശുപാർശയോടെ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് ഓൺലൈനായി നൽകേണ്ടതാണ്.
- ശിശു വികസന പദ്ധതി ഓഫീസര് ശുപാർശ ചെയ്ത് ഓൺലൈനായി ലഭ്യമാക്കുന്ന അപേക്ഷകൾ ജില്ലാ വനിതാ ശിശുവികസന ഓഫീസർ യഥാസമയം പരിശോധിച്ച്

മാനദണ്ഡപ്രകാരമാണോയെന്ന് ഉറപ്പാക്കി, വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, ധനസഹായത്തിന് അർഹയുള്ളവരുടെ ലിസ്റ്റും ആവശ്യമായ ഫണ്ടിന്റെ വിശദാംശവും നിശ്ചിത പ്രൊഫോർമയിൽ ഉൾപ്പെടുത്തി അതത് മാസാവസാനം വനിതാ ശിശുവികസന ഡയറക്ടർക്ക് നൽകേണ്ടതുമാണ്. 15/01/2027 ന് മുമ്പ് തന്നെ അർഹതപ്പെട്ട എല്ലാ അപേക്ഷകർക്കും ആവശ്യമായ തുകയുള്ള അലോട്ട്മെന്റിനായി ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ടെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

- മാനദണ്ഡങ്ങള് പാലിക്കാതെ അനർഹരായിട്ടുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി ശുപാർശ ചെയ്യുന്ന പക്ഷം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട ജീവനക്കാരുടെ ബാധ്യതയായി നിശ്ചയിക്കുന്നതായിരിക്കും.

V. VIGNESHWARI. IAS
വനിത ശിശു വികസന ഡയറക്ടർ

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. സ്റ്റോക്ക് ഫയല്

Digitally signed by
Vigneshwari V
Date: 19-05-2026
14:20:53

No

## അഭയകിരണം-അപേക്ഷാ ഫാറം

**(അശരണരായ വിധവകളെ സംരക്ഷിയ്ക്കുന്ന ബന്ധുക്കള്ക്ക് പ്രതിമാസ ധനസഹായം നല്കുന്നതിനുള്ള അപേക്ഷ)**

| | | |
|---|---|---|
| 1 | അശരണയായ സ്ത്രീയെ സംരക്ഷിയ്ക്കുന്ന വ്യക്തിയുടെ പേര്, മേൽ വിലാസം, പിൻകോഡ്, ഫോൺ നമ്പർ | |
| 2 | സംരക്ഷിക്കപ്പെടുന്ന സ്ത്രീയുടെ പേര്, പൂർണ്ണമായ മേൽവിലാസം | |
| 3 | വയസ്സ്, (സംരക്ഷിക്കപ്പെടുന്ന സ്ത്രീ) | |
| 4 | സംരക്ഷിക്കപ്പെടുന്ന സ്ത്രീയുടെ വാർഷിക വരുമാനം | |
| 5 | സംരക്ഷിക്കപ്പെടുന്ന സ്ത്രീയുമായുള്ള അപേക്ഷകന്റെ ബന്ധം | |
| 6 | സംരക്ഷിക്കപ്പെടുന്ന സ്ത്രീയ്ക്ക് മക്കളുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ | |
| 7 | സംരക്ഷിക്കപ്പെടുന്ന സ്ത്രീയുടെ ആധാർ നമ്പർ | |
| 8 | സംരക്ഷിക്കപ്പെടുന്ന സ്ത്രീയുടേയും, അപേക്ഷകന്റെയും സംയുക്ത ബാങ്ക് അക്കൗണ്ട് നമ്പർ, IFS കോഡ്, ബ്രാഞ്ച് എന്നിവയുടെ വിവരങ്ങൾ/ സംരക്ഷകന്റെ ബാങ്ക് അക്കൗണ്ട് | |
| 9 | സംരക്ഷിക്കപ്പെടുന്ന സ്ത്രീ ഏത് ഐ.സി.ഡി.എസ് ന്റെ പരിധിയിൽപ്പെടുന്നു. | |
| 10 | അപേക്ഷകന്റെ ആധാർ നമ്പർ | |
| 11 | മുൻവർഷം(2025-26) ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം(ലഭിച്ച തുക) | |

സ്ഥലം:

അപേക്ഷകന്റെ പേര്:

തീയതി

ഒപ്പ്:

സംരക്ഷിക്കപ്പെടുന്ന സ്ത്രീയുടെ

പേര്:

ഒപ്പ്:

## ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ട്

അഭയകിരണം പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച.......................................................

..............................................................................................................................

..............................(പേരും മേൽവിലാസവും) നിലവിലെ മാനദണ്ഡ പ്രകാരം ധന സഹായത്തിന് അർഹതയുള്ള ആളാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം　　　　　　　　　　　　　　　　സൂപ്പർവൈസറുടെ പേര്

തീയതി　　　　　　　　　　　　　　　　ഒപ്പ്

## ശിശു വികസന പദ്ധതി ഓഫീസറുടെ സാക്ഷ്യപത്രം

മേൽ സൂചിപ്പിച്ച അപേക്ഷക/അപേക്ഷകന്റെ സംരക്ഷണയിലാണ് ........................................................................................................................എന്ന സ്ത്രീ (പേരും മേല്വിലാസവും) കഴിയുന്നതെന്നും, ടിയാളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയാണെന്നും ടിയാൾക്ക് പ്രായപൂർത്തിയായ മക്കൾ ഇല്ലെന്നും, ടിയാൾ സർവീസ് പെൻഷൻ/കുടുംബ പെൻഷൻ എന്നിവ കൈപ്പറ്റുന്നില്ലായെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:　　　　　　　　　　　　ശിശു വികസന പദ്ധതി ഓഫീസറുടെ പേര്

തീയതി:

ഒപ്പ് :

(ഓഫീസ് സീൽ)

## ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ സാക്ഷ്യപത്രം

......................................................................................................................................................

.....എന്നയാൾ........................................................................................................................എന്ന

സ്ത്രീയെ സംരക്ഷിയ്ക്കുന്നയാളാണെന്ന് ബോധ്യപ്പെട്ടിരിയ്ക്കുന്നതിനാൽ ടിയാളുടെ അപേക്ഷ അഭയകിരണം പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് ശുപാർശ ചെയ്തുകൊള്ളുന്നു.

സ്ഥലം
തീയതി

ജില്ലാ വനിതാ ശിശു വികസന
ഓഫീസറുടെ പേര്

ഒപ്പ്

(ഓഫീസ് സീൽ)

<table>
<tr><td colspan="5">അഭയകിരണം പദ്ധതി പ്രകാരം 2025-26 വർഷം ധനസഹായം ലഭിച്ചവരിൽ തുടർന്നും ധനസഹായത്തിന് അർഹരായവരുടെ വിവരവും അനുവദിക്കാവുന്ന തുകയും</td></tr>
<tr><td>ജില്ല:</td><td colspan="4"></td></tr>
<tr><td>ക്രമ നം.</td><td>അപേക്ഷകന്റെ പേരും, മേല് വിലാസവും</td><td>സംരക്ഷിക്കപ്പെടുന്ന സ്ത്രീയുടെ പേരും മേല് വിലാസവും</td><td>2025-26 വർഷം അനുവദിച്ച തുക</td><td>2027 ഫെബ്രുവരി മാസം വരെ അനുവദിക്കാവുന്ന തുക</td></tr>
<tr><td></td><td></td><td></td><td></td><td></td></tr>
<tr><td colspan="3">ആകെ</td><td></td><td></td></tr>
</table>

<table>
<tr><td colspan="5">അഭയകിരണം പദ്ധതി പ്രകാരം 2026-27 വർഷം പുതിയതായി അപേക്ഷിച്ചവരുടെ പേര് വിവരവും അനുവദിക്കാവുന്ന തുകയും</td></tr>
<tr><td>ജില്ല:</td><td colspan="4"></td></tr>
<tr><td>ക്രമ നം.</td><td>അപേക്ഷകന്റെ പേരും, മേല് വിലാസവും</td><td>സംരക്ഷിക്കപ്പെടുന്ന സ്ത്രീയുടെ പേരും മേല് വിലാസവും</td><td>അപേക്ഷ സമര്പ്പിച്ച തീയതി</td><td>2027 ഫെബ്രുവരി മാസം വരെ അനുവദിക്കാവുന്ന തുക</td></tr>
<tr><td></td><td></td><td></td><td></td><td></td></tr>
<tr><td colspan="3">ആകെ</td><td></td><td></td></tr>
</table>

അപേക്ഷയോടൊപ്പം ഉൾടുത്തേണ്ട രേഖകൾ

1. അപേക്ഷകന്റെയും സംരക്ഷിക്കപ്പെടുന്ന സ്ത്രീയുടേയും റേഷൻ കാർഡിന്റെ കോപ്പി, ആധാർ കാർഡിന്റെ കോപ്പി
2. സംരക്ഷിക്കപ്പെടുന്ന സ്ത്രീയുടെ റേഷൻ കാർഡിന്റെ കോപ്പി, ആധാർ കാർഡിന്റെ കോപ്പി
3. സംരക്ഷിക്കപ്പെടുന്ന സ്ത്രീയുടേയും സംരക്ഷകന്റെ/ സംരക്ഷകയുടെയും പേരിലുള്ള സംയുക്ത ബാങ്ക് പാസ്സ് ബുക്കിന്റെ കോപ്പി
4. സംരക്ഷിക്കപ്പെടുന്ന സ്ത്രീ, അപേക്ഷകന്റെ സംരക്ഷണയിലാണെന്നുള്ള ബന്ധപ്പെട്ട ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സാക്ഷ്യപത്രം
5. സംരക്ഷിക്കപ്പെടുന്ന സ്ത്രീയുടെ ബി.പി.എൽ/മുൻഗണന വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡിന്റെ പകർപ്പ് /അല്ലെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുമുള്ള വരുമാന സർട്ടിഫിക്കറ്റ് (വരുമാന പരിധി ഒരു ലക്ഷം രൂപ)